**13-ാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5321** **02.07.2013-ൽ മറുപടിയ്ക്ക്**

**ചേർത്തല ആട്ടോകാസ്റ്റിന്റെ പ്രവർത്തനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എളമരം കരീം | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ചേർത്തല ആട്ടോകാസ്റ്റിന്റെ 2012 -13 വർഷത്തെ ടേൺ ഓവർ എത്രയാണ് ; | (എ) ചേർത്തല ആട്ടോകാസ്റ്റിന്റെ 2012 -13 വർഷത്തെ ടേൺ ഓവർ 2270.80 ലക്ഷം (എക്സൈസ് ഡ്യൂട്ടി ഉൾപ്പെടെ) രൂപയാണ്. |
| (ബി) ഈ വർഷത്തെ കമ്പനിയുടെ ലാഭം, നഷ്ടം എത്രയാണ്; | (ബി) 2012-13 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ആട്ടോകാസ്റ്റിന്റെ നഷ്ടം 515.64 ലക്ഷം രൂപയാണ് |
| (സി) ഈ കമ്പനി ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധി നേരിടുന്നുണ്ടോ ; (ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (സി) & (ഡി) ഉണ്ട്. കമ്പനി ബി.ഐ.എഫ്.ആറിന്റെ പരിധിയിലായതും, പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തത, വിതരണക്കാരിൽ കമ്പനിയുടെ മേലുള്ള വിശ്വാസ്യതയിൽ ഉണ്ടായിട്ടുള്ള കുറവ് എന്നിവ കമ്പനിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതു കൂടാതെ അസംസ്കൃതവസ്തുക്കളുടെയും ഫൗണ്ടറികെമിക്കൽസിന്റെയും ക്രമാതീതമായ വിലക്കയറ്റം, വൈദ്യുതി നിരക്ക് വർദ്ധന, ആഗോളവത്ക്കരണത്തിന്റെ ഭാഗമായി ചൈനയിൽ നിന്നും വില കുറഞ്ഞ കാസ്റ്റിംഗുകൾ ഇറക്കുമതി ചെയ്യുന്നത്, കേന്ദ്രസർക്കാർ നയം (അക്സിലറേറ്റഡ് ഡിപ്രീസിയേഷനും, ഇറക്കുമതി തീരുവയിലെ ഇളവും) മൂലം വിന്റ്മിൽ സെക്ടറിന്റെ ഓർഡറുകൾ നഷ്ടപ്പെട്ടതും, അസംസ്കൃത വസ്തുവായ മെറ്റൽ സ്ക്രാപ്പ് സ്വകാര്യ കരാറുകാരുമായി മത്സരിച്ച് ടെണ്ടർ നേടേണ്ടി വരുമ്പോൾ ഉണ്ടാകുന്ന നഷ്ടം എന്നിവ കമ്പനിയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. |

Manu
**സെക്ഷൻ ഓഫീസർ**